"ഭരണഭാഷ-
മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2023-24 — അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 471 ന് ധനസഹായം അനുവദിയ്ക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.129/2024/Co-Op തീയതി,തിരുവനന്തപുരം, 01-03-2024

പരാമർശം:-

1. എൻ.സി.ഡി.സി മാനേജിംഗ് ഡയറക്ടറുടെ 03/02/2014 ലെ എൻ സി ഡി.സി. 5-15/2013/സി, ഐ.സി .എസ്. സി /270/എസ് എ /30189നം കത്ത്.
2. സ.ഉ.(സാധാ) നം. 453/2015/സഹ തീയതി 04/08/2015
3. സ.ഉ.(സാധാ) നം.538/2022/സഹ തീയതി 05/08/2022
4. സഹകരണ സംഘം രജിസ്ട്രാറുടെ 05/05/2023 ലെ പി & എം എ (3)4627/22 നം കത്ത്
5. സ.ഉ.(സാധാ)നം.298/2023/സഹ തീയതി 18/05/2023

**ഉത്തരവ്**

അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 471 ന് പരാമർശം (1) പ്രകാരം അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ (ആകെ 86.73 ലക്ഷം രൂപ) യിൽ ഒന്നാം ഗഡുവായി പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം 31.32 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആയതിന്റെ രണ്ടാം ഗഡുവായി ഓഹരി ഇനത്തിൽ 19.275 ലക്ഷം രൂപയും (ശീർഷകം - 4425-108-42-34-3) വായ്പ ഇനത്തിൽ 36.135 ലക്ഷം രൂപയും (ശീർഷകം - 6425-108-19) ഉൾപ്പെടെ 55.41 ലക്ഷം രൂപ 2022-23 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാല് ഫണ്ടിന്റെ അപര്യപ്തത മൂലം ഓഹരി ഇനത്തിലെ 19.275 ലക്ഷം രൂപ റിലീസ് ചെയ്യുന്നതിന് സാധിച്ചിരുന്നില്ല. പ്രസ്തുത തുക **2023-24** സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം **(4)** കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിക്കുകയും പരാമർശം **( 5 )** ഉത്തരവ് പ്രകാരം ഭരണാനുമതി പുതുക്കി നൽകുകയും ചെയ്തിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ. 471 ന് അനുമതി ലഭിച്ച എൻ.സി.ഡി.സി ധനസഹായത്തിന്റെ രണ്ടാം ഗഡുവായി അനുവദിച്ചിരുന്ന 5 5 . 4 1 ലക്ഷം രൂപയിൽ ഓഹരിയിനത്തിൽ ഇനി അനുവദിക്കുവാൻ ബാക്കി നിൽപ്പുള്ള 19.275ലക്ഷം രൂപ (പത്തൊമ്പത് ലക്ഷത്തി

ഇരുപത്തേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) 4425-108-42-34-3 ഓഹരി ശീർഷകത്തിൽ നിന്നും 2023-24 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത തുക 2023-24 സാമ്പത്തികവർഷത്തിൽ ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
AJI PHILIP
അഡിഷണൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
3. ധനകാര്യ അഗ്രി (സി) വകുപ്പ് (അഗ്രി സി1/17/2021/ധന)
4. അയ്യന്തോൾ പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് (സഹകരണ സംഘം രജിസ്ട്രാർ മുഖേന)
5. ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.
6. വെബ് & ന്യൂ മീഡിയ,
7. കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Radhika P
സെക്ഷൻ ഓഫീസർ
Date: 01-03-2024 12:13:57

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ ക്ക്

3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്